64

# അതുകൊണ്ട് നിങ്ങൾ വിവാഹം കഴിക്കുവാൻ തീരുമാനിച്ചോ?

## മത്തായി 19:3-9, ഒരു അടുത്ത നോട്ടം

ഒരു വിവാഹ ശുശ്രൂഷ നടത്തിക്കൊടുക്കുന്നതിന് ഞാൻ സമ്മതിക്കുന്നതിന് മുൻപ് ഞാൻ അവരോട് സംസാരിക്കണം എന്ന് പറയും – ഒരിക്കൽ അല്ല, എന്നാൽ പലപ്രാവശ്യവും – ദൈവം വെച്ചിരിക്കുന്ന രീതിയിലുള്ള വിവാഹമാണ് ദൈവം നിങ്ങൾക്കായി ആഗ്രഹിക്കുന്നത്. നിർഭാഗ്യവശാൽ എന്റെ പര്യാലോചന ചുരുങ്ങിയ ആഴ്ചകൾ കൊണ്ട് തീരും, ഒരുപക്ഷേ ഏതാനും ദിവസങ്ങളോ മണിക്കൂറുകളോ വിവാഹത്തിനു മുൻപ് അതിനായി ചിലവഴിച്ചേക്കാം. അപ്പോൾ, അവരുടെ ചിന്തയെക്കുറിച്ച് ചുരുങ്ങിയത് അൽപമെങ്കിലും ലഭിക്കും. പലപ്പോഴും ഒരേകാര്യങ്ങൾ മാസങ്ങളോ വർഷങ്ങളോ എടുത്ത് പഠിപ്പിക്കേണ്ടിവരും, അത് അവർ വിവാഹം കഴിക്കുവാൻ തീരുമാനിച്ച സമയം മുതലായിരിക്കും. ആ സമീപനമാണ് ഈ അവതരണത്തിൽ ഉപയോഗിക്കുന്നത്.

ഈ പ്രസംഗത്തെ "അതുകൊണ്ട് നിങ്ങൾ വിവാഹം കഴിക്കാൻ തീരുമാനിച്ചോ?"[1] എന്ന് വിളിച്ചിരിക്കുന്നു. വിവാഹം കഴിക്കുന്നതിനെക്കുറിച്ച് ഒരു സ്ത്രീയും പുരുഷനും ആരാധനക്ക് മുൻപ് ഉപദേഷ്ടാവിനോട് സംസാരിപ്പാൻ പോയതായി നീൽ പ്രയർ പറയുകയുണ്ടായി. ഉപദേഷ്ടാവ് അരാധനക്ക് ശേഷം അവരോട് സംസാരിക്കാം എന്ന് പറഞ്ഞു. ആരാധനക്ക് ശേഷം, ഉപദേഷ്ടാവ് അവരുടെ പേരുകൾ മറന്ന് പോയത് കൊണ്ട്, ഇങ്ങനെ പ്രഖ്യപിച്ചു, "വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നവർ അവസാനത്തെ പ്രാർത്ഥനക്ക് ശേഷം എന്റെ ഓഫീസിലേക്ക് വരുമോ?" നീൽ പറഞ്ഞതനുസരിച്ച്, പുരുഷന്മാരും 12സ്ത്രീകളും ചെന്നു.[2] സത്യം എങ്ങനെയായാലും, മിക്ക പേരും അവിവാഹിതരായിരുന്നു – പുരുഷനായാലും അല്ലെങ്കിൽ സ്ത്രീ ആയാലും – വിവാഹം കഴിക്കുവാൻ വിചാരിച്ചവരായിരുന്നു. ആ വിഷയത്തെ ഗൗരവമായി ഇപ്പോൾ ചിന്തിക്കുന്നതിന്റെ കാര്യം, ആയുഷ്കാല സമർപ്പണം വിവാഹത്തിന് മുൻപ് എടുക്കേണം എന്നതാണ്.

സാധാരണ യുവ ദമ്പതികളോട് വിവാഹത്തെക്കുറിച്ച് ഞാൻ സംസാരിക്കുമ്പോൾ, ഞാൻ മത്തായി 19:3–9 മുതലാണ് തുടങ്ങുന്നത്.[3] അതാണ് ഇപ്പോൾ ഞാൻ നിങ്ങളോടും പങ്കിടുവാൻ ആഗ്രഹിക്കുന്നത്.[4]

### വിവാഹം ദൈവത്തിൽ നിന്നുള്ളതാണോ? (മത്താ. 19:4-6)

വിവാഹം സ്ഥാപിച്ചത് കർത്താവായിരുന്നു (മത്തായി 19:4, 5). ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ, അവൻ "നല്ലതല്ല" എന്ന് പറഞ്ഞത് ഏകാന്തതയെയായിരുന്നു (ഉല്പത്തി 2:18). കർത്താവ് സ്ത്രീയെ പുരുഷനുവേണ്ട "തക്കതുണ" ആകേണ്ടതിനാണ് സൃഷ്ടിച്ചത് (ഉല്പത്തി 2:18).[5] സ്ത്രീയെ

സൃഷ്ടിച്ച സംഭവം ഉല്പത്തി 2:21, 22–ൽ കാണാം. സ്ത്രീ അവനെ ഭരിക്കാതിരിക്കേണ്ടതിന് പുരുഷന്റെ തലയിൽനിന്നല്ല അവളെ എടുത്തത്, അവൻ അവളെ ചവിട്ടിക്കളയാതിരിക്കേണ്ടതിനു കാലിൽനിന്നല്ല എടുത്തത്, എന്നാൽ അവന്റെ ഒരു വശത്ത് നിന്നാണ് എടുത്തത്, അത് എപ്പോഴും അവനോടൊപ്പം ഉണ്ടാകേണ്ടതിനും അവൻ പ്രിയപ്പെട്ടവളായി സംരക്ഷിക്കേണ്ടതിനാണെന്നും പറയപ്പെട്ടിട്ടുണ്ട്.

വിവാഹം ദൈവത്തിൽ നിന്ന് ഉണ്ടായതാകയാൽ, അത് ദൈവീക അധികാരത്തിൽ നിന്നുള്ളതാണ്. ദൈവവചനത്തിലെ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി പണിതാൽ, ആ വിവാഹം ദൈവത്തെ–പ്രസാദിപ്പിക്കുന്നതും, സന്തോഷപ്രദവുമായ വിവാഹമായിരിക്കും.

**വിവാഹത്തിന് ഒരുക്കം ആവശ്യമാണോ? (മത്താ. 19:4-6)**

ആകസ്മികമായി സംഭവിക്കുന്നതല്ല നല്ല വിവാഹങ്ങൾ. വിവാഹത്തിന് ദൈവം ആവശ്യപ്പെടുന്ന ചില കാര്യങ്ങൾ നമ്മുടെ വേദഭാഗത്തിൽ കാണാം.

വിവാഹം *വ്യത്യാസം* ആവശ്യപ്പെടുന്നു: ദൈവം അവരെ "ആണും പെണ്ണുമായി സൃഷ്ടിച്ചു" (വാ. 4). അവൻ അവരെ ആണും ആണുമായോ അല്ലെങ്കിൽ പെണ്ണും പോണ്ണുമായോ അല്ല സൃഷ്ടിച്ചത്. സ്വ–വർഗ്ഗരതിക്കാരുടെ വിവാഹങ്ങൾ കർത്താവിന് അപമാനകരമാണ് (റോമർ 1:26, 27).

വിവാഹം ഒരു *വിട്ടുപിരിയൽ* ആവശ്യപ്പെടുന്നു: "ഇക്കാരണത്താൽ പുരുഷൻ അപ്പനേയും അമ്മയേയും വിട്ടു പിരിയുന്നു" (മത്തായി 19:5) വിവാഹം ഒരു പുതിയ ബന്ധത്തിനുള്ള സ്ഥാപനമാണ്.

- കഴിയുമെങ്കിൽ, ശാരീരികമായ ഒരു വിട്ടുപിരിയൽ ഉണ്ടാകണം. ഒരു യുവാവിനും ഒരു യുവതിക്കും അവരുടേതായ വീടുണ്ടായിരിക്കണം. വിവാഹസംബന്ധമായി അവർക്കിടയിൽ ഉണ്ടാകുന്ന പ്രശ്നത്തിന്റെ മൂന്നുകാരണങ്ങളിൽ ഒന്ന് അവരുടെ ഇടയിലുള്ള ഇൻ–ലാസിന്റേ താണ്.[6]
- സാമ്പത്തികമായ ഒരു വിട്ടുപിരിയലും ഉണ്ടാകണം. ഒരു യുവാവ് കുടുംബത്തിനുവേണ്ടി സാമ്പത്തിക ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയുന്നില്ലെങ്കിൽ, അയാൾ ഒരുപക്ഷെ വിവാഹം കഴിക്കാതിരി ക്കുന്നതാവും നല്ലത്.[7] വിവാഹസംബന്ധമായുണ്ടാകുന്ന പിണക്ക ങ്ങളിൽ ഒന്ന് സാമ്പത്തികമാണ്.
- എല്ലാറ്റിലുമപരി, വൈകാരികമായി ഒരു വിട്ടു പിരിയൽ വേണം. യുവാവ് തന്റെ ഭാര്യയോട് പറയുന്നു "എന്റെ അമ്മ ഇങ്ങനെയോന്നുമല്ല പാചകം ചെയ്യുന്നത്" അല്ലെങ്കിൽ ഒരു യുവതി തന്റെ ഭർത്താവിനോട് പറയുന്നു "അതെങ്ങനെ ശരിയാക്കണമെന്ന് എന്റെ ഡാഡിക്ക് അറിയാം," അവർ വാസ്തവത്തിൽ "അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞിട്ടില്ല." നിങ്ങൾ വിവാഹം കഴിഞ്ഞശേഷവും, നിങ്ങൾക്ക് നിങ്ങളുടെ അപ്പനേയും അമ്മയേയും സ്നേഹിക്കാം, എന്നാൽ നിങ്ങളുടെ ബന്ധം വ്യത്യാസം ഉള്ളതായിരിക്കുന്നു. അന്നു മുതൽ, നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും മുഖ്യം നിങ്ങളുടെ പങ്കാളി ആയിരിക്കണം.

വിവാഹത്തിന് ഒരു *പറ്റിച്ചേരൽ* ആവശ്യമാണ്: ഒരു പുരുഷൻ തന്റെ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും (മത്തായി 19:5 നോക്കുക; കെജെവി). "എബ്രായ വാക്കായ ... *പറ്റിച്ചേരൽ*[8] *പശ* എന്ന

വാക്കിനും ഉപയോഗിച്ചിട്ടുണ്ട് "[9] രണ്ടു ബോർഡുകൾ ശരിയായി പശതേച്ച് യോജിപ്പിച്ചാൽ, ഇതിന്റെ ബലം മരത്തേക്കാൾ ശക്തമായിരിക്കും. ആ രണ്ടു ബോർഡുകൾ ഒരുക്കലും രണ്ട് യുണിറ്റുകളായി വേർപെടുത്താൻ കഴിയുകയില്ല: അതിനെ വേർപെടുത്താൻ ശ്രമിച്ചാൽ രണ്ടിൽ ഏതെങ്കിലും ഒന്നിനോ അല്ലെങ്കിൽ രണ്ടിനോ കേടുവന്നേക്കാം.

വിവാഹം *ഐക്യത* ആവശ്യപ്പെടുന്നു: "ഇരുവരും ഒരു ദേഹമായിതീരും ... അതുകൊണ്ട് അവർ മേലാൽ രണ്ടല്ല ഒരു ദേഹമത്രേ" (വാ. 5, 6; എൻഎഎസ്സ്ബി 1977).

- *നിയമപരമായ* ഒന്നാകൽ ആകണം. രാജ്യത്തിലെ നിയമങ്ങൾ നാം അനുസരിക്കണമെന്ന് ബൈബിൾ പഠിപ്പിക്കുന്നു (റോമർ 13:1) അതിൽ വിവാഹനിയമങ്ങളും ഉൾപ്പെടുന്നു.
- *ശാരീരികമായ* ഒന്നാകൽ ഉണ്ടാകണം. "ഏക ദേഹം എന്ന പദപ്രയോഗത്തിൽ ലൈംഗിക ബന്ധം പ്രത്യേകമായി സൂചിപ്പിച്ചിരിക്കുന്നു" (1 കൊരിന്ത്യർ 6:16 നോക്കുക). വിവാഹത്തിലുള്ള ബന്ധം മനോഹരമാണ്. എന്നാൽ വിവാഹ ബന്ധത്തിന് പുറത്തുകടക്കുന്നത് വിരൂപമാണ്. വിവാഹാഭ്യർത്ഥന സമയം ലൈംഗിക പരീഷണത്തിനുള്ളതല്ല. ശാരീരിക ഒന്നായി ചേരലിന്, സമയവും, ക്ഷമയും അന്യേ ന്യമുള്ള കരുതലും ആവശ്യമാണ്. മുഖ്യമായ മുന്നു പിണക്കങ്ങൾക്കുള്ള കാരണത്തിൽ ഉയർന്ന് നിൽക്കുന്നത് ലൈംഗികതയാണ്.
- *വൈകാരിക* ഒന്നാകൽ ഉണ്ടാകണം. (എഫെസ്യർ 5:28, 29). ഇതിൽ ആശയവിനിമയം നടത്തുവാൻ ശീലിച്ച് ഒരുമിച്ച് പ്രവൃത്തിക്കുന്നതും ഉൾപ്പെടുന്നു. നിങ്ങളുടെ വിവാഹം നിസാരമായി ഒരിക്കലും കണക്കാക്കരുത്; നല്ല വിവാഹം പണിയപ്പെടുവാൻ ഒരു ആയുഷ്കാലം വേണം.
- എല്ലാറ്റിലും, ഉപരിയായി, *അത്മീകമായ* ഒരു ഒന്നാകൽ ഉണ്ടാകണം: ക്രിസ്തുവിനും സഭക്കും ഉള്ളതായ ആ ഏകത്വം പോലെ ആകണം (എഫേസ്യർ 5:31, 33). ഒരു വിശ്വസ്ത ക്രിസ്തീയ പങ്കാളിയെ ലഭിക്കേണ്ടതിന് ദൈവസഹായത്തിനായി പ്രാർത്ഥിച്ചു തുടങ്ങുക, അങ്ങനെ നിങ്ങൾക്ക് രണ്ടുപേർക്കും "നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രി സ്തുവിന്റെ പിരിജ്ഞാനത്തിലും കൃപയിലും വളരുവൻ കഴിയും" (2 പത്രൊസ് 3:18). പരസ്പരം കർത്താവിനോടുള്ള സ്നേഹബന്ധമ ല്ലാതെ മറ്റൊന്നും നിങ്ങളുടെ വിവാഹത്തെ ഊട്ടി ഉറപ്പിക്കുന്നില്ല.

### വിവാഹം ജീവിതത്തിന് വേണ്ടിയാണ്. (മത്താ. 19:6-9)

വിവാഹം സ്തിരമാണ് എന്ന് മനസിലാക്കുന്നതാണ് നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ടകാര്യം: "അതുകൊണ്ട് ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" (മത്തായി 19:6).[10] ദൈവം വിവാഹമോചനത്തെ വെറുക്കുന്നു (മലാഖി 2:16). "നന്നായി *വന്നാൽ* അത് ആയുഷ്കാലത്തേക്കാണ്" എന്ന മനോഭാവത്തോടെ നിങ്ങൾ വിവാഹത്തിലേക്ക് പ്രവേശിച്ചാൽ നിങ്ങളുടെ വിവാഹം ഇരുണ്ടതായിരിക്കും. അതുകൊണ്ട് വ്യക്തമായി മനസിലാക്കുക, നിങ്ങളുടെ വിവാഹത്തിൽ പ്രശ്നങ്ങൾ നേരിടുമ്പോൾ (അവയുണ്ടാകും), വിവാഹമോചനം ഒരു പരിഹാരമല്ല. ഒരു പുരുഷനും സ്ത്രീയും കർത്താവിന്റെ ഇഷ്ടത്തിന് സമർപ്പിക്കപ്പെട്ടാൽ, അവന്റെ സഹാ

യത്തോടെ അവരുടെ ഏതു പ്രശ്നവും അവർക്ക് പരിഹരിക്കുവാൻ കഴിയും (ഫിലിപ്പിയർ 4:13).

**ഉപസംഹാരം**

ഈ കാര്യങ്ങളെക്കുറിച്ച് യുവദമ്പതികളോട് ഞാൻ സംസാരിക്കുമ്പോൾ, അവർക്ക് അതിനോട് പ്രതികരിച്ച്കൊണ്ട് ആ കാര്യങ്ങളെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കുവാൻ കഴിഞ്ഞിരുന്നു, ഞാൻ പറഞ്ഞതിനെക്കുറിച്ച്, നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടെങ്കിൽ ദയവായി എന്നെ അറിയിക്കുക.[11] നിങ്ങൾ ഒരുനാൾ വിവാഹം കഴിക്കുവാനായി തീരുമാനിക്കുമ്പോൾ ദൈവത്തിൽ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരാളെ കണ്ടെത്തുവാനോ – അല്ലെങ്കിൽ, കിം ജെയിംസ് പറയുന്നത് പോലെ, കർത്താവിൽ "നിങ്ങളുടെ കൈ ശക്തിപ്പെടുത്തുന്ന" ഒരാളെയോ കണ്ടെത്തുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു (1 ശമുവേൽ 23:16 നോക്കുക). "കർത്താവ് നിങ്ങളെ സുക്ഷിക്കുകയും, അനുഗ്രഹിക്കയും ചെയ്യട്ടെ" (സംഖ്യാപുസ്തകം 6:24).

---

കുറിപ്പുകൾ

[1]1961 നവംബറിൽ, ഓക്ലഹോമയിലെ, വാഗണറിൽ, ഒരു യുവസംഘത്തോട് ഇതേ തലക്കെട്ടിൽ, ഈ വിഷയം ആദ്യമായി സംസാരിച്ചിട്ടുണ്ട്. "അതുകൊണ്ട് നിങ്ങൾ വിവാഹം കഴിക്കുവാൻ തീരുമാനിച്ചോ?" എന്ന വിഷയത്തെ എടുത്ത് 1985 സെപ്തംബറിൽ, ഗ്രെയിറ്റ് ഫോർട്ടർത്തിലുള്ള ബ്രൗൺ ട്രെയിൽ ചർച്ച് ഓഫ് ക്രൈസ്റ്റിൽ യുവാക്കളോട് നീൽ പ്രയർ സംസാരിക്കയുണ്ടായി. തലവാചകം ഒന്നു തന്നെയായിരുന്നു, പക്ഷെ സമീപനം വ്യത്യസ്തമായിരുന്നു. പിൻവരുന്ന കഥ ബ്രദർ. പ്രയറിന്റെ പാഠത്തിൽനിന്നാണ്. [2]"അവർ എന്റെ മേൽ, ചാടി വീഴുകയില്ല" എന്ന് ചിലപ്പോൾ ഞാൻ പറയും. ഇതു നീൽ പ്രയറിന്റെ കഥയാണ്, ഓർമ്മിക്കുമല്ലോ? [3]നിങ്ങൾക്ക് വേണമെങ്കിൽ, ഈ പാഠത്തിനു മുമ്പുള്ള, പശ്ചാത്തലം വിശദീകരിക്കാം. [4]എന്റെ അവതരണത്തിലെ ചുരുക്കമാണ് ഇവിടെ നൽകിയ വിവരങ്ങൾ. നിങ്ങൾക്ക് വേണമെങ്കിൽ അതു വിപുലീകരിക്കാം, ചിത്രീകരിക്കാം, പ്രായോഗികവുമാക്കാം. [5]കെജെവിയിൽ "ഹെൽപ് മീറ്റ്" എന്ന പഴയ ഇംഗ്ലീഷ് വാക്കാണ്, അർത്ഥം "സൂട്ടബിൾ". [6]വിവാഹ പിണക്കത്തിന്റെ കാരണങ്ങൾ ഓരോ സ്ഥലത്തും വ്യത്യസ്തമായിരിക്കും, പക്ഷെ ഏറ്റവും മുകളിൽ നില്ക്കുന്ന മൂന്നു ഘടകങ്ങൾ, ഇൻ–ലാസ്, പണം, ലൈംഗികം ആയിരിക്കും. [7]ഭാര്യയുടെ "തല" ഭർത്താവായിരിക്കണം (എഫെസ്യർ 5:23). തല എന്നതു നേട്ടത്തേക്കാൾ ഉത്തരവാദിത്വത്തെയാണ് കാണിക്കുന്നത്. ഭാര്യയും ഭർത്താവും ജോലി ചെയ്യണം, എന്നാൽ കുടുംബത്തിന്റെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റേണ്ട ഉത്തരവാദിത്വം ഭർത്താവിൽ/പിതാവിൽ നിക്ഷിപ്തമാണ്. [8]ഉല്പത്തി 2:24–ൽ ഉപയോഗിച്ച വാക്കിന്റെ തർജിമയാണ് "ക്ലീവ്." [9]ഡോൺ ആന്റ് ജെയിൻ മെക്വർട്ടർ, *ലിവിങ്ങ് ടുഗെദെർ ഇൻ നോളേജ്* (ഹൺസ് വിലേ, അലാ:പബ്ലിഷിങ്ങ് ഡിസൈൻസ്, 1988), 60 (എംഫസിസ് ദേഴ്സ്). [10]ഈ സമയത്ത്, ഞാൻ സാധാരണ വാക്യങ്ങൾ 7 മുതൽ 9 വരെ ചർച്ച ചെയ്യും. ഈ പുസ്തകത്തിൽ തന്നെയുള്ള അനുബന്ധലേഖനമായ "വിവാഹത്തെയും വിവാഹമോചനത്തെയും കുറിച്ചുള്ള ഉപദേശം" നോക്കുക.

[11]ഈ പാഠ്യപദ്ധതി ഒരു പ്രസംഗത്തിൽ ഉപയോഗിച്ചതാണെന്ന് ആ വാചകം തെളിയിക്കുന്നു. ക്ലാസിലാണെങ്കിൽ അവതരണസമയത്ത് ചോദ്യങ്ങൾ അനുവദിക്കാം.